പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നംപർ. 299

21.12.2012 ൽ മറുപടിയ്ക്ക്

## അനാഥാലയങ്ങളിലെ അന്തേവാസികളുടെ സംരക്ഷണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ<br>,, അബ്ദുറഹിമാൻ രണ്ടത്താണി<br>,, കെ. മുഹമ്മദുണ്ണി ഹാജി | | ഡോ. എം.കെ. മുനീർ<br>പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പുമന്ത്രി | |
| എ | സർക്കാർ പുവർഹോമുകളടക്കമുള്ള അനാഥാലയങ്ങളിലെ അന്തേവാസികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്ന കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ | സർക്കാർ ഉടമസ്ഥതയിൽ ഉള്ള ക്ഷേമസ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ച് പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കി വരികയാണ്. ഇതനുസരിച്ച് സ്ഥലപരിമിതി, അടിസ്ഥാന സൗകര്യമില്ലായ്മ, മോശമായ അവസ്ഥയിലുള്ള കെട്ടിടങ്ങൾ , ഡോക്ടർ, സൈക്കോളജിസ്റ്റ് എന്നിവരുടെ സേവനത്തിലുള്ള അഭാവം, ജീവനക്കാരുടെ കുറവ്, അവരുടെ പരിശീലനത്തിന്റെ അഭാവം എന്നിവ മെച്ചപ്പെടുത്തുന്ന നടപടി സ്വീകരിക്കുന്നതാണ്.<br><br>അനാഥാലയങ്ങളിലെ അന്തേവാസികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് താഴെ കാണുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>i. ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളെ ബി.പി.എൽ. കാറ്റഗറിയിൽപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>ii. സ്ഥാപനങ്ങൾക്ക് ബോർഡിംഗ് ചാർജ്ജ് ഇനത്തിൽ ചെലവഴിയ്ക്കാവുന്ന തുക 500-ൽ നിന്ന് 1500 ആയും സർക്കാർ ഗ്രാന്റ് 250 - ൽ നിന്ന് 525 ആയി ഉയർത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | iii. ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് ഒരു രൂപ നിരക്കിൽ 7 കിലോ അരി (25% പച്ചരി), ബി.പി.എൽ. നിരക്കിൽ 3 കിലോ ഗോതമ്പ്. ബി.പി.എൽ നിരക്കിൽ 400 ഗ്രാം പഞ്ചസാര എന്നിവ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.<br>iv. ഓർഫനേജുകളിലെ അർഹരായ മുഴുവൻ കുട്ടികൾക്കും പ്ലസ് വൺ പ്രവേശനം അവർ പഠിച്ചിരുന്ന സ്ഥാപനങ്ങളിൽ തന്നെ ലഭിയ്ക്കാൻ ഉത്തരവ് നൽകിയിട്ടുണ്ട്.<br>v. ക്ഷേമ സ്ഥാപനങ്ങളിൽ മാസത്തിൽ ഒരിക്കൽ ആരോഗ്യ പരിശോധനയ്ക്ക് മെഡിക്കൽ ഓഫീസർമാരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>ഇതു കൂടാതെ അനാഥാലയങ്ങളിലെ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പദ്ധതി, അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് കൗൺസിലിംഗ് ഏർപ്പെടുത്തുന്ന പദ്ധതി എന്നിവ സർക്കാർ പരിശോധിച്ചു വരുന്നുണ്ട്. |
| ബി | അന്തേവാസികളെ മർദ്ദിക്കുക, പീഡനങ്ങൾക്കിരയാക്കുക എന്നീ ക്രൂരതകൾ ചിലപ്പോഴെങ്കിലും സംഭവിക്കാറുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി | ഉണ്ട് |
| സി | ഇത്തരം സ്ഥാപനങ്ങളുടെ ചുമതലക്കാർക്ക് അന്തേവാസികളുടെ സംരക്ഷണം സംബന്ധിച്ച് പ്രത്യേക പരിശീലനം നൽകാറുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ; | സി | നിലവിൽ സ്ഥാപനങ്ങളിൽ പരിശീലനം നൽകുന്നുണ്ട്. ഇവരുടെ മനോഭാവം മാറ്റുന്നതിനും കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന കൂടുതൽ വിഷയങ്ങൾ ഉൾപ്പെടുത്തി പരിശീലനം നൽകുന്നതാണ്. |
| ഡി | ഇത്തരം സ്ഥാപനങ്ങളിൽ അടിക്കടി പരിശോധന നടത്താനും, ക്രമക്കേടുകൾ കണ്ടാൽ അപ്പപ്പോൾ നടപടി സ്വീകരിക്കാനും സ്ഥിരം സംവിധാനം ഏർപ്പെടുത്തുമോ ? | ഡി | അനാഥാലയങ്ങളിൽ അടിക്കടി ഉള്ള പരിശോധന ശക്തമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ അനാഥാലയങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിയ്ക്കുന്നതിനുവേണ്ടി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ എം.എൽ.എ.മാർ ഉൾപ്പെടുന്ന ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഓർഫനേജുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംസ്ഥാന |

| | | | |
|---|---|---|---|
| | | | തലത്തിൽ പരിശോധിക്കുന്നതിന് ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായ സംസ്ഥാന തല അവലോകന സമിതിയും രൂപീകരിച്ചിട്ടുണ്ട്.<br><br>സർക്കാർ സ്ഥാപനങ്ങളിൽ അടിക്കടി പരിശോധന നടത്തുവാനും ക്രമക്കേടുകൾ കണ്ടാൽ അപ്പപ്പോൾ നടപടികൾ സ്വീകരിയ്ക്കുവാനുമായി ഒരു സ്ഥിരം സംവിധാനം രൂപീകരിക്കുന്ന കാര്യം ആലോചിക്കുന്നതാണ്. |

R. Vijayan

സെക്ഷൻ ഓഫീസർ